സെക്രട്ടേറിയറ്റിലെ പണിമുടക്ക്

2 [4] ശ്രീ. ലോനപ്പൻനമ്പാടൻ:

,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽ മൊത്തം എത്ര ജീവനക്കാരുണ്ട്;

(ബി) ഇതിൽ ഗസറ്റഡ് എത്ര; നോൺ ഗസറ്റഡ് എത്ര;

(സി) ക്ലാസ് 1, ക്ലാസ് 2, ക്ലാസ് 3, ക്ലാസ് 4 എന്നീ ഓരോ വിഭാഗത്തിലും എത്ര പേർ വീതമുണ്ട്;

(ഡി) 1985 ആഗസ്റ്റ് 7, 1985 ആഗസ്റ്റ് 13 എന്നീ തീയതികളിൽ ഈ ഓരോ വിഭാഗത്തിലെയും ഹാജർ നില വ്യക്തമാക്കുമോ;

(ഇ) 1985 ജൂലൈ 14-ന് സെക്രട്ടേറിയറ്റിലെ ഹാജർനില വ്യക്തമാക്കുമോ;

(എഫ്) അബ്കാരി സെക്രട്ടറി മുതൽ മേലോട്ട് എത്രപേർ പണിമുടക്കിൽ പങ്കെടുത്തു;

(ജി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ പണിമുടക്കിയോ; എങ്കിൽ എത്ര പേർ;

(എച്ച്) പണിമുടക്കിയതിന്റെ പേരിൽ ഇവരെ പേഴ്സണൽ സ്റ്റാഫിൽനിന്നും നീക്കം ചെയ്തുവോ; ആരെങ്കിലും രാജിവച്ച് പണിമുടക്കിയോ;

(ഐ) ഇവരെ പേഴ്സണൽ സ്റ്റാഫിലേക്ക് തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) നിയമവും ധനകാര്യവും വകുപ്പുകളും ഉൾപ്പെടെ 3823 ജീവനക്കാർ സെക്രട്ടേറിയറ്റിൽ ഉണ്ട്. (ഇതിൽ നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ ഉൾപ്പെടുന്നില്ല.)

(ബി) ഗസറ്റഡ്—708; നോൺഗസറ്റഡ്—3115.

(സി) ക്ലാസ് 1—144;
ക്ലാസ് 2—606;
ക്ലാസ് 3, ക്ലാസ് 4 — 3073.

(ഡി) ഈ തീയതികളിൽ അനധികൃതമായി ഹാജരാകാത്തവർ താഴെ പറയുംപ്രകാരമാണ്:

	ആഗസ്റ്റ് 7	ആഗസ്റ്റ് 13
ക്ലാസ് 1	5	4
ക്ലാസ് 2	347	357
ക്ലാസ് 3, ക്ലാസ് 4	1420	1482

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ദിവസം ഞായറാഴ്ച ആയിരുന്നതിനാൽ അവധിദിനമായിരുന്നു;

(എഫ്) ഓരോ ദിവസവും പണിമുടക്കിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്:

ആഗസ്റ്റ്	7	.. 41
ആഗസ്റ്റ്	8	.. 45
ആഗസ്റ്റ്	9	.. 43
ആഗസ്റ്റ്	12	.. 36
ആഗസ്റ്റ്	13	.. 34
ആഗസ്റ്റ്	14	.. 34
ആഗസ്റ്റ്	16	.. 33
ആഗസ്റ്റ്	17	.. 33

(ജി) ആറുപേർ പണിമുടക്കുകയുണ്ടായി;

(എച്ച്) പണിമുടക്കിയതിന്റെപേരിൽ രണ്ടുപേരെ പേഴ്സണൽ സ്റ്റാഫിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്;

(ഐ) ഇല്ല.

12-8-1985 മുതൽ പണിമുടക്കിയ ഗസറ്റഡ് ഓഫീസർമാർ

3 [5] ശ്രീ. ലോനപ്പൻനമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

12-8-1985 മുതൽ ഗസറ്റഡ് ആഫീസർമാരുടെ പണിമുടക്കിൽ എത്ര പേർ പങ്കെടുത്തു?

ഉത്തരം

സെക്രട്ടേറിയറ്റിൽ 346-നും 368-നുമിടയ്ക്ക് ഗസറ്റഡ് ആഫീസർമാർ പണിമുടക്കി. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടെ പണിമുടക്കിനോടനുബന്ധിച്ച് പിരിച്ചുവിടപ്പെട്ടവർ

4 [7] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കെ. ബാലകൃഷ്ണൻ:
,, വി. സി. കബീർ:
,, ടി. പി. പീതാംബരൻമാസ്റ്റർ:
,, കെ. ശങ്കരനാരായണപിള്ള:
,, പി. വിജയ ദാസ്:
,, സിറിയക് ജോൺ:
,, എ. വി. താമരാക്ഷൻ:
,, ആർ. എസ്. ഉണ്ണി:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly